## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ - 527**

**09/02/2016 ൽ മറുപടിയ്ക്ക്**

### പള്ളിപ്പുറം പഞ്ചായത്തിൽ പപ്പട വ്യവസായ സഹകരണ സംഘം

**ചോദ്യം**
**ശ്രീ.എസ്.ശർമ്മ**

**ഉത്തരം**
**ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമ വ്യവസായവുംവകുപ്പ് മന്ത്രി)**

(എ) പള്ളിപ്പുറം പഞ്ചായത്തിൽ പപ്പട വ്യവസായ സഹകരണ സംഘം ആരംഭിക്കുന്നതിന് അനുവദിച്ച മൂലധന തുക തിരിച്ചടക്കണമെന്ന് ആവശ്യപ്പെട്ട് സംഘം ഭാരവാഹികൾക്ക് സർക്കാർ നോട്ടീസ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത യൂണിറ്റ് ഏതു വർഷമാണ് അടച്ചു പൂട്ടിയതെന്ന് വിശദമാക്കാമോ ;

(എ) പള്ളിപ്പുറം പഞ്ചായത്തിൽ പപ്പട വ്യവസായ സഹകരണ സംഘം ആരംഭിക്കുന്നതിന് അനുവദിച്ച മൂലധന തുക തിരിച്ചടക്കണമെന്ന് ആവശ്യപ്പെട്ട് സംഘത്തിന് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ആസ്ഥാന ഓഫീസിൽ നിന്നും 17/06/2015 ന് രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ 17/10/1994, 25/01/2008, 12/01/2012 എന്നീ തീയതികളിൽ ബോർഡിന്റെ എറണാകുളം ജില്ലാ ഓഫീസിൽ നിന്നും സംഘത്തിന് രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ട്. 1982 ൽ സംഘത്തിന്റെ പ്രവർത്തനം നിലച്ചതായി കാണുന്നു.

(ബി) അടച്ചു പൂട്ടിയതിനു ശേഷം നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

അടച്ചു പൂട്ടിയതിനു ശേഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായിട്ടുള്ള നോട്ടീസുകൾ സംഘത്തിന് അയച്ചിട്ടുണ്ട്.

(സി) സംഘത്തിന്റെ നടത്തിപ്പ് അവസാനിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഇക്കാലമത്രയും നടപടികൾ സ്വീകരിക്കാതിരുന്നത് എന്തു കൊണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) സഹകരണ നിയമങ്ങൾക്കും റവന്യൂ റിക്കവറി നടപടി ക്രമങ്ങൾക്കും വിധേയമായി മാത്രമേ സംഘത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാൻ കഴിയൂ. നടപടിക്രമങ്ങൾ

പാലിച്ച് റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | സംഘം ഭാരവാഹികളിൽ ജീവിച്ചിരിക്കുന്നവർക്കെതിരെ മാത്രം നടപടി സ്വീകരിച്ച് നഷ്ടപരിഹാരത്തുക ഈടാക്കുന്നതിനുള്ള നിർദ്ദേശം പിൻവലിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ, സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ? | (ഡി) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡുമായി പ്രസ്തുത സംഘം ഏർപ്പെട്ടിട്ടുള്ള വായ്പാ കരാറിൽ സംഘത്തിന് വേണ്ടി ഒപ്പു വച്ചവരിൽ നിന്നാണ് വായ്പത്തുക ഈടാക്കുന്നത്. വി.എം.സത്യൻ, എ.ജി. സഹദേവൻ എന്നീ രണ്ട് കമ്മിറ്റി അംഗങ്ങൾ തങ്ങളുടെ പേരിലുള്ള നടപടികൾ ഒഴിവാക്കണമെന്ന് കാണിച്ച് അപേക്ഷ ബോർഡിന് ലഭിച്ചിട്ടുണ്ട്. അതുകൂടി പരിശോധിച്ച ശേഷമാണ് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ